/

# കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ്- പാമ്പാട്ടുംപാറ ഗ്രാമ പഞ്ചായത്തിലെ ഓഫീസ് അറ്റൻഡന്റ് ശ്രീമതി. സുശീല കെ.ടി ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിൽ ഫയൽ ചെയ്ത O.A 309/15 നമ്പർ കേസ്സിന്റെ വിധിന്യായം പാലിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

## തദ്ദേശസ്വയംഭരണ(ഇപിഎ) വകുപ്പ്

സ.ഉ(സാധാ) നം **2451/2016**/തസ്വഭവ തീയതി,തിരുവനന്തപുരം,**16/08/2016**

പരാമർശം:- 1) 03.1.2014 ലെ ജി.ഓ(പി) നമ്പർ 1/2014/ഉഭപവ നമ്പർ ഉത്തരവ്

2) O.A 309/15 നമ്പർകേസ്സിൽ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ 17/08/2015 ലെ വിധിന്യായം.

3) പഞ്ചായത്ത് ഡയറക്ടറുടെ 21/03/2016-ലെ ഇ 10- 32176/15 നമ്പർ കത്ത്,

## ഉത്തരവ്

പാമ്പാട്ടുംപാറ ഗ്രാമ പഞ്ചായത്തിലെ ഓഫീസ് അറ്റൻഡന്റ് ശ്രീമതി. സുശീല കെ.ടി ബഹു അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത OA 309/2015 ൻമേലുള്ള 17/08/2015 ലെ വിധിന്യായത്തിൽ , ഒന്നാം കക്ഷിയായ സർക്കാർ മുമ്പാകെ അപേക്ഷക സമർപ്പിച്ചിട്ടുള്ള അനക്സർ A14 നിവേദനം പരിശോധിച്ച് പരാതിക്കാരിയെ നേരിൽ കേട്ട ശേഷം 3 മാസത്തിനുള്ളിൽ ഉചിതമായ ഉത്തരവ് പുറപ്പെടുവിക്കണമെന്ന് നിർദ്ദേശിക്കുകയുണ്ടായി.

അനക്സർ A14 എന്നത് അപേക്ഷക 16.06.2015 തീയതിയിൽ സമർപ്പിക്കപ്പെട്ടതായി പറയുന്ന നിവേദനമാണെന്ന് ഒറിജിനൽ ആപ്ലിക്കേഷനിൽ നിന്നും മനസ്സിലാവുന്നു. അപേക്ഷക ഹിയറിംഗ് വേളയിൽ സമർപ്പിച്ച നിവേദനം 16.06.2014 തീയതിയിലെ ആയിരുന്നു. 16.06.2015 തീയതിയിലെ നിവേദനത്തിനുവേണ്ടി അഡ്വ ജനറൽ ഓഫീസുമായും പഞ്ചായത്ത് വകുപ്പുമായും ബന്ധപ്പെട്ടെങ്കിലും പകർപ്പ് ലഭ്യമായിട്ടില്ല. ടിയാൾ ഹിയറിംഗ് വേളയിൽ സമർപ്പിച്ച 16.06.2014 ലെ നിവേദനത്തിലെ ആവശ്യം തന്നെയാണോ 16.06.2015 ലേത് എന്ന് അനുമാനിക്കാൻ സാധിക്കുന്നില്ല. എന്നിരുന്നാലും ടി ഒറിജിനൽ ആപ്ലിക്കേഷനിൽ മേലുള്ള ഉത്തരവിലെ കോടതി നിരീക്ഷണത്തിൽ നിന്നും അപേക്ഷകയ്ക്ക് ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ നിന്നും എൽ.ഡി.സി തസ്തികയിലേയ്ക്ക് by transfer നിയമനം നൽകണമെന്ന ആവശ്യം മാത്രമെ ഉന്നയിച്ചിട്ടുണ്ടായിരുന്നുള്ളു എന്ന് കാണാം.

കോടതിവിധിയുടെ അടിസ്ഥാനത്തിൽ പരാതിക്കാരിയെ 11.05.2016 ൽ ഡെപ്യൂട്ടി സെക്രട്ടറി നേരിൽ കേൾക്കുകയുണ്ടായി. പരാമർശം (1) ഉത്തരവ് പ്രകാരം വിവിധ വകുപ്പുകളിലെ ക്ലാസ്സ്IV വിഭാഗം ജീവനക്കാർക്ക് പുറമെ സബോർഡിനേറ്റ് സർവ്വീസിലെ താഴ്ന്ന വിഭാഗം ജീവനക്കാരേയും കൂടി ഉൾപ്പെടുത്തിക്കൊണ്ടുള്ള യോഗ്യരായ ജീവനക്കാരുടെ സീനിയോരിറ്റി ലിസ്റ്റ് തയ്യാറാക്കി വകുപ്പുകളിലെ എൽ.ഡി. ക്ലാർക്ക് /എൽ. ഡി. ടൈപ്പിസ്റ്റ് തസ്തികകളിലെ 10% ഒഴിവുകളിലേയ്ക്ക് നിയമനം നൽകുന്നതിന് ഉത്തരവായിരുന്നു. ഇടുക്കി പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ പ്രസിദ്ധീകരിച്ചിട്ടുള്ള സംയോജിത സീനിയോരിറ്റി ലിസ്റ്റിൽ നിന്നും 03.01.2014 ന് ശേഷം ഇടുക്കി ജില്ലയിൽ ക്ലാർക്ക് തസ്തികയിലുണ്ടായ ഒഴിവുകളുടെ അടിസ്ഥാനത്തിൽ പ്രസ്തുത സീനയോരിറ്റി ലിസ്റ്റിൽ ഉൾപ്പെട്ടിരുന്ന അപേക്ഷകയായ ശ്രീമതി. കെ.ടി സുശീലയെക്കൂടി ഉൾപ്പെടുത്തി ക്ലാർക്ക് തസ്തികകയിലേയ്ക്ക് തസ്തികമാറ്റംവഴി നിയമന ഉത്തരവ് പുറപ്പെടുവിക്കുകയും ടിയാൾ 03.10.2015 തീയതിയിൽ ഇടുക്കി ജില്ലയിലെ സേനാപതി ഗ്രാമ പഞ്ചായത്തിൽ ക്ലാർക്ക് തസ്തികകയിൽ സേവനത്തിൽ പ്രവേശിച്ചുട്ടുള്ളതായും പഞ്ചയത്ത് ഡയറക്ടർ പരാമർശം 3 പ്രകാരം റിപ്പോർട്ട് ചെയ്തിട്ടുള്ളതിന്റെ അടിസ്ഥാനത്തിൽ എൽ.ഡി. ക്ലാക്ക് തസ്തികകയിലേയ്ക്ക് തസ്തികമാറ്റ നിയമനം നൽകണമെന്ന അപേക്ഷകയുടെ ആവശ്യം പരിഹരിക്കപ്പെട്ടതായി കാണുന്നു.

ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ 17/08/2015 ലെ വിധിന്യായം ഇപ്രകാരം പാലിക്കപ്പെട്ടിരിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**ശ്രീലേഖ.ഇ.എന്‍**

**ഡെപ്യൂട്ടി സെക്രട്ടറി**

അഡ്വക്കേറ്റ് ജനറൽ, കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ (ആമുഖ കത്ത് സഹിതം)
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ഇടുക്കി.
സെക്രട്ടറി, പാമ്പാടുംപാറ ഗ്രാമ പഞ്ചായത്ത്, ഇടുക്കി.
ശ്രീമതി. സുശീല കെ.ടി പാമ്പാടുംപാറ ഗ്രാമപഞ്ചായത്ത്, ഇടുക്കി. (പാമ്പാടുംപാറ ഗ്രാമ പഞ്ചായത്ത് സെക്രട്ടറി മുഖേന)
എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം. (തദ്ദേശസ്വയംഭരണവകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
ഓഫീസ് പകർപ്പ് / കരുതൽ ഫയൽ( ഫയൽ നം.356/ഇപിഎ 2/2015/തസ്വഭവ)

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ